# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :644 — 29.11. 2018 ൽ മറുപടിക്ക്

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ.കെ.എൻ.എ.ഖാദർ — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) രണ്ടുവർഷത്തിൽ കൂടുതൽ കാലത്തെ വൈദ്യുതി കുടിശ്ശിക അടച്ചു തീർക്കാൻ സംസ്ഥാന വൈദ്യുതി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം ലഭിച്ച കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) രണ്ട് വർഷത്തിൽ കൂടുതൽ കാലത്തെ വൈദ്യുതി കുടിശ്ശിക അടച്ച് തീർക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 31.12.2018 വരെ തുടരുന്ന ഇപ്പോഴത്തെ പദ്ധതി 01.06.2018 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 31.08.2018 വരെ ഈ പദ്ധതി പ്രകാരം, (01.06.2018 മുതൽ 31.08.2018) 2,41,61,609/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) ഈ പദ്ധതി പ്രകാരം റവന്യൂ റിക്കവറി നേരിടുന്ന ഉപഭോക്താക്കൾക്കും കോടതികളിൽ കേസ് നിലനിൽക്കുന്ന ഉപഭോക്താക്കൾക്കും അനധികൃത വൈദ്യുതി ഉപയോഗത്തിന് നടപടി നേരിടുന്നവർക്കും അപേക്ഷിക്കാൻ അനുമതി നൽകിയിരുന്നോ; വിശദമാക്കുമോ; | (ബി) ഈ പദ്ധതി പ്രകാരം റവന്യൂ റിക്കവറി നടപടി നേരിടുന്ന ഉപഭോക്താക്കൾക്ക് "ഒത്തു തീർപ്പാക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജായി അടയ്ക്കണമെന്ന നിബന്ധനയിലും" കോടതികളിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്ന ഉപഭോക്താക്കൾക്ക് "നിലവിലുള്ള കേസുകൾ പിൻവലിക്കണമെന്ന നിബന്ധനയിലും", അനധികൃത വൈദ്യുതി ഉപയോഗത്തിന് നടപടികൾ നേരിടുന്നവർക്കും, മറ്റെല്ലാ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്കും പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരം നൽകിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിസിറ്റി ആക്ടിന്റെ 135 സെക്ഷൻ പ്രകാരം വൈദ്യുതി മോഷണം ചാർജ് ചെയ്തിട്ടുള്ള കേസുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അപേക്ഷിക്കുവാൻ സാധിക്കുന്നതല്ല. |
| (സി) നിലവിലെ കണക്കുകൾ പ്രകാരം രണ്ടു വർഷത്തിൽ കൂടുതൽ കാലത്തെ വൈദ്യുതി കുടിശ്ശികയായി ഇനി എത്ര തുക ലഭിക്കാനുണ്ട്; ഇത് തിരികെ ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) നിലവിലുള്ള കണക്ക് പ്രകാരം 2 വർഷത്തിൽ കൂടുതൽ കാലത്തെ വൈദ്യുതി കുടിശ്ശികയായി ഏകദേശം 797.15 കോടി രൂപയാണ് ലഭിക്കാനുള്ളത്. ഈ തുകയിൽ കോടതി വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന തുക ഒഴികെ ബാക്കി തുക പിരിച്ചെടുക്കുന്നതിലേയ്ക്കായി നിലവിൽ വൈദ്യുതി കണക്ഷൻ ഡിസ്കണക്ട് ചെയ്ത് ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടി എടുക്കുക എന്നതിനു പുറമെ നിലവിൽ 31.12.2018-ൽ അവസാനിക്കുന്ന "ഒറ്റത്തവണ തീർപ്പാക്കൽ" പദ്ധതിയും നിലനിൽക്കുന്നുണ്ട്. |

| | |
|---|---|
| | കൂടാതെ കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന കേസുകളിൽ നിലവിലെ സ്റ്റേകൾ വെക്കേറ്റ് ചെയ്യുന്നത് ത്വരിതപ്പെടുത്തുവാനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. വലിയ തുക കുടിശ്ശിക വരുത്തിയിട്ടുള്ള കേരള വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപന മേലധികാരികളെ കത്തുകളിലൂടെയും മീറ്റിംഗുകൾ വിളിച്ചും കുടിശ്ശിക നിവാരണത്തിനായി ശ്രമിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ